# തിരുത്ത് കാക്കുന്ന കയ്യെഴു(ത്ത്)ത്തുപ്രതി

[പ്രൊഫസ്സർ (ഡോ:) ജോയ് ടി. കുഞ്ഞാപ്പു, ***D.Sc., Ph.D.***]

ചുവന്നുകൂർത്ത തൂവ്വൽത്തുമ്പ്
വാക്കുകൾ പുണരാത്ത
മാർജിനെ കുത്തിനോവിക്കുന്നു:
ജ്വലിക്കുന്ന ക്രൂരതയിൽ
അക്ഷരത്തോട് ചോദിക്കുന്നു:
പ്രകട വിചാരമായിരുന്നോ
വെളിപാടിലെ പുറപ്പാട്?

ചാട്ടവാറടിക്കുന്ന ചോദ്യം
പാർക്കിൻസണിന്റെ വിറ:
ആശയക്കൈമാറ്റക്കച്ചവടത്തിൽ
നീ ഇഴഞ്ഞു നീങ്ങുന്നോ?
കിതച്ച് അതിവേഗമോടുന്നോ?
പശ്ചാത്തല വിരുന്നിന്റെ
ഏകതാന തമ്പുരുനിനദശ്രുതി
കാടുകയറുന്ന സിദ്ധാന്തപ്പുലരിയ്ക്കു
താഴെയോ മുകളിലോ കുന്നു കയറുന്നു?

ഒളിഞ്ഞിരിക്കുന്ന കഥാബീജം
ഉറക്കെ ഉരുവിട്ട് കയർക്കുന്നു –
പുറംലോകത്തെ ഉയർന്ന
ഡെസിബെൽ വിതാനത്തിൽ
അത് കേൾക്കുന്നില്ലെങ്കിലും!
അറിഞ്ഞത് അറിഞ്ഞില്ലെന്ന നാട്യം
അറിയാത്തത് അറിഞ്ഞെന്ന മൌഢ്യം!
ഒന്നും കാണാത്തപ്പോൾ പറയുന്ന

എല്ലാം കാണുന്ന മൌനവ്രതത്തിലെ
അകലുന്ന ആകാശക്കീറുകൾ.

ഇടത്താവള നിശ്ശൂന്യതയിൽ
ചോദിക്കാത്ത ചോദ്യങ്ങൾക്കു
താളിലെ വിട്ടുപോയ ഉത്തരം
മുഖത്തും തലയിലും പെരുത്ത
മുടികൊഴിയുന്ന ഏകാന്തതയിൽ
ഊതിവീർപ്പിച്ച സൂചികുത്തലിൽ
വീണ്ടും വിരൽ ചൂണ്ടുന്നു വീണ്ടും:
തല വടിക്കാത്ത ജടയിൽ ലാഭിച്ച
തുകയുടെ ആകെത്തുകയോർക്കുന്നോ?
മുഖം വടിക്കാത്ത മൂകത തന്ന
സമയപ്രസാദം കുടുക്കയിൽ കുടുങ്ങുന്നോ?
*****************************************************************